പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5554 — 06.07.2012-ൽ മറുപടിക്ക്

## ബാലവേല നിർമ്മാർജ്ജനത്തിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. എം. ഉമ്മർ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ബാലവേല നിർമ്മാർജ്ജന പരിപാടിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) വിലയിരുത്തുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കോർ കമ്മിറ്റിയും മോണിറ്ററിങ്ങ് കമ്മിറ്റിയും പ്രവർത്തിച്ചു വരുന്നു. |
| (ബി) ബാലവേലയിലേക്ക് കുട്ടികളെ നയിക്കുന്ന ഘടകങ്ങളെകുറിച്ച് തൊഴിൽവകുപ്പ് പഠനമെന്തെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) ഇല്ല. |
| (സി) കുടുംബസാഹചര്യങ്ങൾ മൂലം ബാലവേലയ്ക്ക് നിർബന്ധിതരാകുന്ന കുട്ടികളുടെ കുടുംബത്തിലെ അത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന കാര്യത്തിൽ തൊഴിൽ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) ബാലവേലയിൽ കണ്ടെത്തുന്ന കുട്ടികളുടെ പുനരധിവാസത്തിനു വേണ്ടി തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ച് വരുന്നു. ഇത്തരം കുട്ടികളുടെ കുടുംബപരമായ വിഷയങ്ങൾ തൊഴിൽ വകുപ്പിൽ കൈകാര്യം ചെയ്യുന്നില്ല. |
| (ഡി) ലാഭക്കൊതിയുള്ള ഏജന്റുമാർ കുട്ടികളെ ബാലവേലയ്ക്ക് നിർബന്ധിതരാക്കുന്ന സാഹചര്യം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ? | (ഡി) ബാലവേലയ്ക്കെതിരായി എല്ലാ ജില്ലകളിലും വ്യാപാര പ്രതിനിധികളുടേയും Social Workers ന്റെയും NGO മാരുടേയും സാന്നിദ്ധ്യത്തിൽ ബോധവല്ക്കരണ പരിപാടികൾ നടത്തിവരുന്നു. |

സെക്ഷൻ ആഫീസർ